# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4496 21/03/2018 -ൽ മറുപടിയ്ക്ക്

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ഡി.സതീശൻ** | **ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് സ്ഥാപിക്കാനുള്ള പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് എന്ന സ്ഥാപനം 2001 മുതൽ തിരുവനന്തപുരം പുലയനാർ കോട്ടയിൽ പ്രവർത്തിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നു വ്യക്തമാക്കുമോ; | (ബി) | ആരോഗ്യ മേഖലയിൽ പ്രമേഹത്തിനും അനുബന്ധ രോഗങ്ങൾക്കും മികച്ച ചികിത്സ, ബോധവത്ക്കരണം, ഗവേഷണം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിൽ പതിവ് ഒ.പി-യ്ക്ക് പുറമേ നെഫ്രോളജി, എൻഡോക്രൈനോളജി, കാർഡിയോളജി, ന്യൂറോളജി, ഡന്റൽ, ഒഫ്ത്താൽമോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നുണ്ട്. വളരെ കുറഞ്ഞ വിലക്ക് രോഗികൾക്ക് മെഡിസിൻ ലഭ്യമാക്കുന്ന ഫാർമസിയും പ്രസ്തുത സ്ഥാപനത്തിൽ പ്രവർത്തിച്ചു വരുന്നു. പ്രമേഹത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനു വേണ്ടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കമ്മ്യൂണിറ്റി ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു. സ്ഥാപനത്തെ ദേശീയ നിലവാരമുള്ള മികവിന്റെ കേന്ദ്രമാക്കുന്നതിലേക്കായി ധാരാളം പഠന ഗവേഷണ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഡോക്ടർമാരെ പ്രമേഹരോഗ ചികിത്സയ്ക്ക് കൂടുതൽ പ്രാപ്തരാകുന്നതിന്റെ ഭാഗമായി ഓറിയന്റേഷൻ കോഴ്സുകൾ നടത്തി വരുന്നു. വയോജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുന്നതിനായി ഇഗ്നോയുടെ കീഴിൽ |

| | | | |
|---|---|---|---|
| | | | ഹോം ബെയിസ്ഡ് ഹെൽത്ത്കെയർ പ്രൊവൈഡർ (CHBHC) എന്ന കോഴ്സ് നടത്തി വരുന്നു. 18 വയസ്സിന് താഴെയുള്ള നിർദ്ധനകുടുംബങ്ങളിലെ (ബി.പി.എൽ) ടൈപ്പ്- I പ്രമേഹ ബാധിതരായ കുട്ടികൾക്കായി നോവോ നോർഡിസ്ക് എഡ്യൂക്കേഷൻ ഫൗണ്ടേഷന്റെ സഹായത്തോടെ സൗജന്യമായി ഇൻസുലിൻ, ഗ്ലൂക്കോമീറ്റർ, ലാബ് പരിശോധന എന്നിവയും സ്ഥാപനം സ്വന്തം നിലയിൽ "ജീവാമൃതം" എന്ന പദ്ധതിയും നടത്തുന്നു. 13 -ാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ ബാക്കി തുകയായ 200 ലക്ഷം രൂപയും സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് വകയായി ലഭിച്ച 60 ലക്ഷം രൂപയും ഉപയോഗിച്ച് ഇൻപേഷ്യന്റ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൽ പൂർത്തീകരിക്കുകയും എക്സ്-റേ മെഷീൻ ഉൾപ്പെടെയുള്ള സാധന സാമഗ്രികളും ഫർണ്ണിച്ചറുകളും സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രമേഹവും മറ്റ് ജീവിതശൈലി രോഗങ്ങളേയും പ്രതിരോധിക്കുന്നതിനു വേണ്ടി ക്ലിനിക്കുകളും ആരംഭിച്ചിട്ടുണ്ട്. 2017-18 പദ്ധതി വിഹിതത്തിന്റെ ആദ്യ ഗഡുവായ 90 ലക്ഷം രൂപ ഉപയോഗിച്ച് ഫിസിയോതെറാപ്പി യൂണിറ്റ് ഇൻപേഷ്യന്റ് സൗകര്യം വിപുലീകരിക്കുകയും ഹെൽത്ത്ക്ലബിന്റെ പ്രവർത്തനം തുടങ്ങുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. |

സെക്ഷൻ ഓഫീസർ